# കേരളസർവകലാശാല

നം.പി.ആർ.249/2020

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2020
### നാലാം അലോട്ട്മെന്റ് (2nd സപ്ലിമെന്ററി) പ്രസിദ്ധീകരിച്ചു
### കോളേജ് പ്രവേശനം ഡിസംബർ 17 മുതൽ

കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനത്തിനായുള്ള നാലാം അലോട്ട്മെന്റ് (2nd സപ്ലിമെന്ററി) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് ഹയർ ഓപ്ഷൻ നിലനിർത്തിയിട്ടുള്ളവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഡിസംബർ 17 മുതൽ കോളേജിൽ അഡ്മിഷൻ തുടങ്ങുന്നതിനാൽ അതിനു മുൻപ് തന്നെ ഫീസ് അടച്ച് മെമ്മോ ഡൗൺലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ കോളേജിൽ ഹാജരാകുവാൻ ശ്രദ്ധിക്കുക. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ചവർ കോളേജിൽ പോയി പ്രവേശനം നേടേണ്ട അവസാന തീയതി ഡിസംബർ 30.

ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല. നിശ്ചിത തീയതിക്കുള്ളിൽ പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണ് എന്ന കാര്യം ശ്രദ്ധിക്കുക.

താൽക്കാലിക അഡ്മിഷൻ (Temporary/Provisional Admission) സൗകര്യം നാലാം അലോട്ട്മെന്റ് മുതൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ താൽക്കാലിക (Temporary) അഡ്മിഷൻ എടുത്ത് നിൽക്കുന്നവർ നാലാം അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ല എങ്കിൽ പോലും കോളേജുകളിൽ നേരിട്ട് ഹാജരായി കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent അഡ്മിഷൻ എടുക്കേണ്ടതാണ്. ഇപ്രകാരം

Temporary Admission എടുത്തവർക്ക് Permanent അഡ്മിഷനിലേക്ക് മാറുന്നതിനുള്ള അവസാന തീയതി ഡിസംബർ 30. അതിനുള്ളിൽ Permanent അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ ക്യാൻസൽ ആവുന്നതും അവർ അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താവുന്നതും ആ സീറ്റുകൾ ഒഴിവുകളായി പരിഗണിക്കുന്നതുമായിരിക്കും.

Permanent അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർത്ഥി നേരിട്ട് കോളേജിൽ ഹാജരാകേണ്ട താണ് എന്ന കാര്യം ശ്രദ്ധിക്കുക. പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താൻ സാധിക്കു ന്നതല്ല.

## ടൈംടേബിൾ

2021 ജനുവരി 4 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി എന്നീ പരീക്ഷകളുടെ ടൈംടേ ബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഡിസംബർ 17 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി. എസ്.സി. കമ്പ്യൂട്ടർസയൻസ്/ബി.സി.എ. വിദൂരവിദ്യാഭ്യാസ വിഭാഗം (2017 & 2018 അഡ്മിഷൻ) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. കണ്ണൂർ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ സെന്റ്.തോമസ് കോളേജ്, മട്ടന്നൂർ, കണ്ണൂർ കേന്ദ്രത്തിലും തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം എന്നീ കേന്ദ്രത്തിലും പരീ ക്ഷയ്ക്ക് ഹാജരാകണം.

ജനുവരി 20 മുതൽ ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി സപ്ലിമെന്ററി/പാർട്ട് ടൈം/മേഴ്സിചാൻസ് പരീക്ഷ സെപ്റ്റംബർ 2020 (2008 സ്കീം) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ജനുവരി 21 മുതൽ ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി സപ്ലിമെന്ററി/സെഷ ണൽ ഇംപ്രൂവ്മെന്റ് പരീക്ഷ സെപ്റ്റംബർ 2020 (2013 സ്കീം) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

ഏഴാം സെമസ്റ്റർ ബി.ടെക്. റെഗുലർ (2013 സ്കീം – യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം) ജനുവരി 2020, അഞ്ചാം സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി (2013 സ്കീം) ഫെബ്രുവരി 2020 എന്നീ ബി.ടെക്. പരീക്ഷകളുടെ സൂക്ഷ്മപരിശോധയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി കേരള സർവകലാശാല പാളയം ക്യാമ്പസിലെ റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.VII) ഡിസംബർ 16, 17 & 18 തീയതികളിൽ ഹാജരാകേണ്ടതാണ്.

## പുതുക്കിയ പരീക്ഷാത്തീയതി

2020 ഡിസംബർ 18, 22 തീയതികളിൽ നിശ്ചയിച്ചിരുന്ന ഇന്റഗ്രേറ്റഡ് എം.ബി.എ. ബി.എം. - എം.എ.എം. (2015 സ്കീം) (റെഗുലർ ആന്റ് സപ്ലിമെന്ററി) യുടെ എട്ടാം സെമസ്റ്റർ പരീക്ഷകൾ ഡിസംബർ 29, 31 തീയതികളിലും, ഡിസംബർ 4, 21, 23 തീയതികളിൽ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ പരീക്ഷകൾ യഥാക്രമം ഡിസംബർ 28, 30, 2021 ജനുവരി 1 തീയതികളിലും നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും പരീക്ഷാസമയത്തിനും മാറ്റമില്ല.

നാലാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2008 സ്കീം), ഒക്ടോബർ 2020 ന്റെ ഡിസംബർ 4 ന് നടത്താനിരുന്ന പരീക്ഷ ഡിസംബർ 17 ന് നടത്തുന്നതാണ്. പരീക്ഷാസമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ.

ഡിസംബർ 21 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ.എൽ. എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. ഡിഗ്രി പരീക്ഷകൾ 2021 ജനുവരി 4 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷ മാറ്റി

ഡിസംബർ 18 മുതൽ ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി പരീക്ഷ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാഫീസ്

പത്താം സെമസ്റ്റർ ബി.ആർക്ക് റെഗുലർ ആന്റ് സപ്ലിമെന്ററി (2013 സ്കീം) പരീക്ഷയുടെ രജിസ്ട്രേഷൻ ഡിസംബർ 16 മുതൽ ആരംഭിക്കുന്നതാണ്. പിഴകൂടാതെ ഡിസംബർ 24 വരെയും 150 രൂപ പിഴയോടെ ഡിസംബർ 29 വരെയും 400 രൂപ പിഴയോടെ ഡിസംബർ 31 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2021 ജനുവരി 11 ന് ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ, സർട്ടിഫിക്കറ്റ് ഇൻ റഷ്യൻ, ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷകൾക്ക് പിഴകൂടാതെ 2020 ഡിസംബർ 17 വരെയും 150 രൂപ പിഴയോടെ ഡിസംബർ 22 വരെയും 400 രൂപ പിഴയോടെ ഡിസംബർ 24 വരെയും അപേക്ഷിക്കാം.

2021 ജനുവരി 11, 12 തീയതികളിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ, ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 17 വരെയും 150 രൂപ പിഴയോടെ ഡിസംബർ 24 വരെയും 400 രൂപ പിഴയോടെ ഡിസംബർ 29 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2020 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ്. ഡിഗ്രി പരീക്ഷ (2018 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 24 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി, എം.എസ്.സി. ബയോകെമിസ്ട്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**15.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**